KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

24/09/2009

# എച്ച്ഐവി ബോധവത്കരണം: കോളജുകളിൽ മാനവ് യാത്ര

**തിരുവനന്തപുരം:** എച്ച്.ഐ.വി ബോധവത്കരണവും സന്നദ്ധരക്തദാന പ്രചാരണവും ലക്ഷ്യമിട്ടു കൊണ്ട് കോളജുകളിൽ വിപുലമായ പ്രചാരണയാത്ര നടത്തുന്നു. 'മാനവ് യാത്ര' എന്ന പേരിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ നേതൃത്വത്തിലാണ്പരിപാടി സംഘടിപ്പിക്കുന്നത്.

ഒരു ജില്ലയിൽ ഇരുപതു ദിവസം മാനവ് യാത്ര പര്യടനം നടത്തും. പരിപാടിയിൽ വിദഗ്ധരുടെ എച്ച്ഐവിയുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ്, രക്തദാന ക്യാമ്പ്, നാടൻ കലാപ്രകടനം, എച്ച്ഐവി അണുബാധിതരുടെ അനുഭവസാക്ഷ്യം, പ്രദർശനങ്ങൾ എന്നിവ നടക്കും. ഒക്ടോബർ അവസാനവാരത്തോടെ ആരംഭിക്കുന്ന പ്രചാരണ പരിപാടിയിൽ ആദ്യ ഭാഗത്തിൽ യാത്ര എറണാകുളം, കോഴിക്കോട് ജില്ലകളിലെ അമ്പതു കാമ്പസുകൾ സന്ദർശിക്കും.

തിരുവനന്തപുരത്ത് ചേർന്ന കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഉദ്യോഗസ്ഥരുടെയും എൻഎസ്എസ് അധികൃതരുടെയും യോഗത്തിലാണ് പരിപാടിക്ക് അവസാന രൂപം നൽകിയത്.

സംസ്ഥാനത്തെ 194 കോളജുകളിൽ കൂടി റെഡ്റിബൺ ക്ലബ്ബുകൾ ആരംഭിക്കാനും യോഗത്തിൽ ധാരണയായി. നിലവിൽ 186 റെഡ്റിബൺ ക്ലബ്ബുകളാണുള്ളത്. റെഡ് റിബൺ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഒക്ടോബർ ഒന്നിലെ ദേശീയ രക്തദാന ദിനം വിപുലമായി ആചരിക്കാനും തീരുമാനിച്ചു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ, യൂത്ത് അഫയേഴ്സ് ഓഫീസറും എൻഎസ്എസ് റീജണൽ ഓഫീസറുമായ സാമുവൽ ചെല്ലയ്യ, എൻഎസ്എസ് സ്റ്റേറ്റ് ലെയ്സൺ ഓഫീസർ അനിതാ ശങ്കർ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫൈനാൻസ് സി.ജയചന്ദ്രൻ, യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ നിജോ തുടങ്ങിവർ യോഗത്തിൽ പങ്കെടുത്തു.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**